'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2013-14 - ഹരിപ്പാട് നിയോജക മണ്ഡലം - ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തി - 22/11/2014 ലെ സ.ഉ.(സാധാ)നം. 3042/2014/തസ്വഭവ ഉത്തരവ് പുതുക്കി WP(C) നമ്പർ 26774/2018 യിൽ ബഹു. ഹൈക്കോടതിയുടെ 27/09/2018ലെ വിധി ന്യായം നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2901/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/12/2019

---

പരാമർശം:- 1 സ.ഉ.(സാധാ)നം. 3042/2014/തസ്വഭവ തീയതി 22/11/2014.

2 സ.ഉ.(സാധാ)നം. 1473/2015/പൊ.മ.വ. തീയതി 01/10/2015

3 ബഹു. ഹൈക്കോടതിയുടെ WP(C)നമ്പർ -26774/2018 ൽ പുറപ്പെടുവിച്ച 27/09/2018ലെ വിധി ന്യായം

4 സ.ഉ(സാധാ)നം.5426/2019/ധന തീയതി 10/07/2019

5 ബഹു പ്രതിപക്ഷ നേതാവ് ശ്രീ .രമേശ് ചെന്നിത്തലയുടെ 29.10.2019 ലെ കുറിപ്പ്

**ഉത്തരവ്**

ഹരിപ്പാട് നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.രമേശ് ചെന്നിത്തല എം.എൽ.എ യുടെ 2013-14 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും കരുവാറ്റ ഗ്രാമ പഞ്ചായത്തിലെ Construction of road from SR junction to Korankuzhy and construction of a cartable bridge therein എന്ന പ്രവൃത്തിക്ക് പരാമർശം 1 പ്രകാരം 2 2 5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തിയായതിനാൽ ഭരണാനുമതി ലഭിച്ച തുക തദ്ദേശസ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്തു നൽകിയിരുന്നു. എന്നാൽ ടി പ്രവൃത്തി എസ്റ്റിമേറ്റ് തുകയേക്കാൾ 9 % അധിക നിരക്കിൽ ടെൻഡർ ആകുകയും, ടി നടപടിക്ക് പരാമർശം 2 പ്രകാരം അംഗീകാരം നേടുകയും ചെയ്തിരുന്നു. ഭരണാനുമതി തുകയിൽ അധികരിച്ച് വരുന്ന 12,29,864/- രൂപ തുക കോൺട്രാക്ടർക്ക് അനുവദിച്ച് നൽകാൻ പരാമർശം 3 പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു.പരാമർശം4 പ്രകാരം എം എൽ എ യുടെ അനുമതി പത്രത്തിന് വിധേയമായി ഭരണാനുമതി പുതുക്കി അധികമായി വന്ന തുക അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകുകയും പരാമർശം 5 പ്രകാരം നിലവിലുള്ള അലോട്മെന്റിനെ യാതൊരുവിധത്തിലും ബാധിക്കാത്തവിധത്തിൽ പുതുക്കി നിശ്ചയിക്കാവുന്നതാണെന്നു ബഹു എം. എൽ. എ. യും അറിയിച്ചിട്ടുണ്ട് .

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 3 ലെ ബഹു.ഹൈക്കോടതി വിധി നടപ്പിലാക്കേണ്ട അടിയന്തിര സാഹചര്യം കണക്കിലെടുത്ത്, ഹരിപ്പാട് നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2 2 5 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ Construction of road from SR junction to Korankuzhy and construction of a cartable bridge therein എന്ന പ്രവൃത്തിക്ക്, അധികം വന്ന തുക ബഹു.ഹരിപ്പാട് എം എൽ എ യുടെ വരും സാമ്പത്തിക വർഷത്തെ (2020-21)ആസ്തി വികസന നിധിയിൽ നിന്ന് കണ്ടെത്തി നൽകേണ്ടതാണെന്ന വ്യവസ്ഥയോടെ ടി പ്രവൃത്തിക്ക് ₹2,37,29,864 ( രണ്ടു കോടി മുപ്പത്തിയേഴ് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി എണ്ണൂറ്റി അറുപത്തി നാലു രൂപ മാത്രം )പുതുക്കിയ ഭരണാനുമതി നൽകി ബഹു. ഹൈക്കോടതിയുടെ പരാമർശം 3 ലെ വിധി ന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

ഇത് സംബന്ധിച്ച ചെലവ് 4515-00-800-96- പ്രോജെക്ടസ് അണ്ടർ എൽ എ സി -എ ഡി എസ് (NP )എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, ആലപ്പുഴ

അഡ്വക്കേറ് ജനറൽ(കേരള ),എറണാകുളം.(ഉപരി പത്രം സഹിതം)

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്(റോഡ്സ് & ബ്രിഡ്ജസ് ) , തിരുവനന്തപുരം.

എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ് & ബ്രിഡ്ജസ് ), ആലപ്പുഴ .

എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, ആലപ്പുഴ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കരുവാറ്റ ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ.

ഫിനാൻസ് വകുപ്പ്(അനൗദ്യോഗിക കത്ത് നം1229027/എൻ.സി. ബി 2/149/2016-ധന തീയതി

09.12.2019)

പൊതുമരാമത്തു വകുപ്പ്(ഫയൽ നം .ജി 1/437/2018-പൊ.മ.വ. പ്രകാരം )

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു: പ്രതിപക്ഷ നേതാവിന്റെ പി.എസ്സിന് .